പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 501 **13-10-2026-ൽ മറുപടിയ്ക്ക്**

കോഴിക്കോട് കോംട്രസ്റ്റ് നെയ്ത്ത് ഫാക്ടറി പുനരുജ്ജീവനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ഫൈസൽ ബാബു

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) കോഴിക്കോട് കോംട്രസ്റ്റ് നെയ്ത്ത് ഫാക്ടറി ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളുടെ വ്യവസായ പൈതൃകവും തൊഴിൽസാധ്യതകളും സംരക്ഷിക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: കോഴിക്കോട് കോംട്രസ്റ്റ് നെയ്ത്ത് ഫാക്ടറിയുടെ ഏറ്റെടുക്കലിനും ചുമതല കൈമാറ്റത്തിനുമായി കേരള നിയമസഭ പാസാക്കിയ "Common Wealth Trust, Kozhikode (Acquisition and Transfer of Undertaking) Act, 2012" നു 01.02.2018-ൽ ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുകയും 19.02.2018-ന് കേരള ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും ചെയ്തിരുന്നു. കോംട്രസ്റ്റ് ഹാൻഡ്ലൂം വീവിംഗ് ഫാക്ടറിയെ പുനരുജ്ജീവിപ്പിച്ച് വ്യവസായ മ്യൂസിയവും ഉത്പാദന കേന്ദ്രവുമായി വികസിപ്പിച്ച് KSIDC-യുടെ കീഴിൽ കൊണ്ടുവരിക എന്നതായിരുന്നു നിയമത്തിന്റെ പ്രധാന ലക്ഷ്യം.

ആക്ട് പ്രകാരം കോംട്രസ്റ്റിന്റെ 3.84 ഏക്കർ ഭൂമി KSIDC-യ്ക്ക് കൈമാറേണ്ടതായിരുന്നുവെങ്കിലും, നിലവിൽ 1.26 ഏക്കർ മാത്രമാണ് കോംട്രസ്റ്റിന്റെ കൈവശമുള്ളത്. ശേഷിക്കുന്ന 2.58 ഏക്കർ Kozhikode District Cooperative Travel and Tourism Development Society and Center for Professional Education (KTDS), Pumice Products & Properties Private Limited, Vyaparai Trade Center Pvt Ltd (VTC) എന്നീ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതാണ്.

പ്രസ്തുത സ്ഥാപനങ്ങൾ ആക്ട് നടപ്പാക്കുന്നതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഹർജികൾ സമർപ്പിച്ച് ഇടക്കാല സ്റ്റേ നേടിയിട്ടുള്ളതിനാൽ, ആക്ട് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുവാനോ പ്രസ്തുത സ്ഥലത്ത് പുനരുജ്ജീവിപ്പിക്കാവുന്ന വ്യവസായ സാധ്യതകൾ, തൊഴിൽ അവസരങ്ങൾ, സംരംഭക സാധ്യതകൾ എന്നിവ സംബന്ധിച്ച വിശദമായ പഠനം നടത്തുവാനോ സാധിച്ചിട്ടില്ല. അതിനാൽ തന്നെ ഹെറിറ്റേജ് ടെക്സ്റ്റൈൽ/ടെക്സ്റ്റൈൽ ക്ലസ്റ്റർ മാതൃകയിലുള്ള വികസനം, വ്യവസായ പൈതൃകകേന്ദ്രമായുള്ള പരിവർത്തനം എന്നിവ സ്ഥാപിക്കുന്നത് സംബന്ധിച്ച് കൂടുതലായി പരിശോധിച്ചിട്ടില്ല.

(ബി) കോംട്രസ്റ്റ് നെയ്ത്ത് ഫാക്ടറിയുടെ നിലവിലെ സ്ഥിതിയും അവിടെ പുനരുജ്ജീവിപ്പിക്കാവുന്ന വ്യവസായ,തൊഴിൽ,സംരംഭക സാധ്യതകളും സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: മുൻ ഖണ്ഡിക (എ) യിലെ ഉത്തരം

(സി) പരമ്പരാഗത നെയ്ത്ത് മേഖലയെ ആധുനിക സാങ്കേതികവിദ്യയുമായി ബന്ധിപ്പിച്ച് യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി കോംടസ്റ്റ് നെയ്ത്ത് ഫാക്ടറി പോലുള്ള സ്ഥാപനങ്ങളെ ഹെറിറ്റേജ് ടെക്സ്റ്റൈൽ/ടെക്സ്റ്റൈൽ ക്ലസ്റ്റർ മാതൃകയിൽ വികസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

മറുപടി: മുൻ ഖണ്ഡിക (എ) യിലെ ഉത്തരം

(ഡി) ബന്ധപ്പെട്ട വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ കോംടസ്റ്റ് നെയ്ത്ത് ഫാക്ടറി പ്രദേശത്തെ വ്യവസായ-പൈതൃക കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുമോ; വിശദമാക്കുമോ?

മറുപടി: മുൻ ഖണ്ഡിക (എ) യിലെ ഉത്തരം

സെക്ഷൻ ഓഫീസർ